നം.എൻ.ഇ.പി(3)24708/2012/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി: 16.03.2012

## സർക്കുലർ

**വിഷയം:- പൊതുവിദ്യാഭ്യാസം - 'സ്പാർക്ക് ' പദ്ധതി - വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാരുടെ സർവീസ് വിശദാംശങ്ങൾ പൂർണ്ണമായി സ്പാർക്കിൽ ഉൾപ്പെൾപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 1. G.O(Rt) No. 171/2011/ITD dated:23.09.2011.
2. Govt. Letter No.3518/IT-SF1/12/Fin. dated:28.01.2012 of Finance (IT-SF) Department, Government of Kerala.

'സ്പാർക്ക്' പദ്ധതി എല്ലാ വകുപ്പുകളിലും പൂർണ്ണമായി നടപ്പിലാക്കുന്നതിനും ജീവനക്കാരുടെ മാസസശമ്പളവും മറ്റ് അലവൻസുകളും സ്പാർക്കിലൂടെ മാത്രമാക്കുന്നതിനും സൂചനപ്രകാരം ധനകാര്യവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിൽ പ്രസ്തുത പദ്ധതി നടത്തിപ്പിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. 2012 ഏപ്രിൽ 15-ന മുമ്പ് സർക്കാർ, എയിഡഡ് സ്കൂളുകളിലെ അധ്യാപകരുടേയും ജീവനക്കാരുടേയും ഉൾപ്പെടെ വിദ്യാഭ്യാസവകുപ്പിലെ എല്ലാ ജീവനക്കാരുടേയും മുഴുവൻ സർവീസ് വിശദാംശങ്ങളും പൂർണ്ണമായി സ്പാർക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.
2. ജീവനക്കാരുടെ സർവീസ് വിവരം സ്പാർക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ചില വിവരങ്ങൾ അപ്ഡേറ്റ് ചെയ്തിട്ടില്ല. സ്പാർക്കിലെ വിവരങ്ങൾ ശമ്പളം തയ്യാറാക്കുന്നതിന് ഉപരിയായി മറ്റ് സർവീസ് ആവശ്യങ്ങൾക്കുകൂടി ഉപയോഗിക്കേണ്ടതുണ്ട്. ആയതിനാൽ ഏറ്റവും പുതിയ വിവരങ്ങൾകൂടി സ്പാർക്കിൽ ഉൾപ്പെടുത്തുന്നതിന് അതത് സ്കൂൾ ഹെഡ്മാസ്റ്റർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
3. പ്രൈമറി സ്കൂളുകളിലെ ജീവനക്കാരുടെ മാസശമ്പളം തയ്യാറാക്കുന്നതിനുള്ള വിവരങ്ങൾ മത്രമാണ് സ്പാർക്കിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ഇത് സർവീസ് സംബന്ധമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് കഴിയുന്നില്ല. ആയതിനാൽ എല്ലാ സർവീസ് വിശദാംശങ്ങളും സ്പാർക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.
4. പ്രൈമറി സ്കൂളുകളിലെ ജീവനക്കാരുടെ വിവരം സ്പാർക്കിൽ ഉൾപ്പെടുത്തുന്നതിന് അടുത്തുള്ള ഹൈസ്കൂളുകളിലെ ഇന്റർനെറ്റ് സൗകര്യം ഉപയോഗിക്കാവുന്നതാണ്.
5. വിദ്യാഭ്യാസ ഓഫീസുകളിലെ ജീവനക്കാരുടെ സർവീസ് വിശദാംശങ്ങൾ അതത് ഓഫീസുകളിലെ സൗകര്യം പ്രയോജനപ്പെടുത്തി ഏപ്രിൽ 15-ന മുമ്പ് അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

എല്ലാ ജീവനക്കാരുടേയും മുഴുവൻ സർവീസ് വിശദാംശങ്ങളും സമയബന്ധിതമായി സ്പാർക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അതത് സ്ഥാപനമേലധികാരി ഉറപ്പുവരുത്തേണ്ടതാണ്. സ്കൂളുകളിലെ എല്ലാ ജീവനക്കാരുടേയും വിശദാംശങ്ങൾ സ്പാർക്കിൽ പൂർണ്ണമായി ഉൾപ്പെടുത്തുന്നതിന് അതത് ഡി.ഡി.ഇ., ഡി.ഇ.ഒ, എ.ഇ.ഒ.മാർ മേൽനോട്ടം വഹിക്കേണ്ടതും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതുമാണ്.

സ്പാർക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവരങ്ങളുടെ കൃത്യത വകുപ്പുതല പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. ഇതിനുള്ള നിർദ്ദേശം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും (ഡി.ഇ.ഒ മുഖേന)